**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4630 04.02.2014 - ൽ മറുപടിക്ക്**

## റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് കേന്ദ്ര സഹായം

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കനത്തമഴമൂലവും മെയിന്റനൻസ് ഇല്ലാത്തതിനാലും തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട സഹായം എത്ര കോടി രൂപയുടേതായിരുന്നു; | (എ) | കനത്ത മഴ മൂലം തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് പൊതു മരാമത്ത് വകുപ്പിൽ നിന്നും 597.48 കോടി രൂപയുടെ ധനസഹായമാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്. |
| (ബി) | ഇതിൽ എത്ര കോടി രൂപ ഇതിനകം അനുവദിച്ച് കിട്ടുകയുണ്ടായി; ഏതെല്ലാം റോഡുകൾക്ക് എന്നറിയിക്കുമോ; | (ബി) | മഴക്കെടുതിയുടെ അറ്റകുറ്റപ്പണികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ദേശീയപാതാ വിഭാഗത്തിന് 6.29 കോടി രൂപ അനുവദിക്കുകയുണ്ടായി. റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ദേശീയപാതയിൽ അറ്റകുറ്റപ്പണി ചെയ്ത വകയിൽ സംസ്ഥാനത്തിന് ലഭിക്കാൻ ബാക്കി നിൽപ്പുള്ള തുക എത്ര; തന്നാണ്ടിൽ ഇതിനകം ലഭിച്ച തുക എത്ര? | (സി) | ദേശീയപാതയിൽ മഴക്കെടുതി മൂലം അറ്റകുറ്റപ്പണി ചെയ്ത വകയിൽ ആകെ 5.73 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുവാൻ ബാക്കിയുണ്ട്. ഇതിൽ 2010-11 -ൽ 0.53 കോടി രൂപയും 2012-13 -ൽ 3.11 കോടി രൂപയും, 2013-14 -ൽ 2.09 കോടി രൂപയും ആണ് കിട്ടുവാനുള്ളത്. 4.20 കോടി രൂപയാണ് ഈ വർഷം ലഭിച്ചത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജോലിയുടെ പേര് | അനുവദിച്ച തുക (9% ഏജൻസി ചാർജ് ഉൾപ്പെടെ ലക്ഷത്തിൽ) |
|---|---|---|
| | **മൂവാറ്റുപുഴ** | |
| 1 | ദേശീയപാത 49 -ൽ ചീയപ്പാറ ഭാഗത്ത് മണ്ണ് നീക്കം ചെയ്യൽ | 49.5 |
| 2 | ദേശീയപാത 49 -ൽ മണ്ണ് നീക്കം ചെയ്യലും സംരക്ഷണ ഭിത്തി നിർമ്മാണവും കലുങ്കിന്റെ പുനർനിർമ്മാണവും | 48.08 |
| 3 | മണ്ണൊലിപ്പ് കാരണം തകരാറിലായ ദേശീയപാത 49 -ലെ അറ്റകുറ്റപ്പണികളും പാരപ്പറ്റ് വാളുകളുടെ പുനർനിർമ്മാണവും | 43.41 |
| | **കണ്ണൂർ** | |
| 4 | ദേശീയപാത 17 -ലെ ക്യാരേജ്‌വേയുടെ പുനരുദ്ധാരണവും തളിപ്പറമ്പ് ടൗണിലെ തകരാറിലായ ഷോൾഡേഴ്സിന്റെ ബലപ്പെടുത്തലും മെച്ചപ്പെടുത്തലും | 46.77 |
| 5 | ദേശീയപാത 17 -ലെ ക്യാരേജ്‌വേയുടെ പുനരുദ്ധാരണം | 39.13 |
| | **ആലപ്പുഴ** | |
| 6 | ദേശീയപാത 47 -ലെ ബി.റ്റി.പ്രതലത്തിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ | 43.4 |
| | **കൊല്ലം** | |
| 7 | ദേശീയപാത 47 -ലെ പോട്ട് ഹോൾസിന്റെ അടിയന്തിര അറ്റകുറ്റപ്പണികളും മിനുസപ്പെടുത്തലും | 11.88 |
| 8 | ദേശീയപാത 744 (Old NH 208) ലെ പോട്ട് ഹോൾസിന്റെ അടിയന്തിര അറ്റകുറ്റപ്പണികളും മിനുസപ്പെടുത്തലും | 17.36 |
| 9 | ദേശീയപാത 744 (Old NH 208) ലെ പോട്ട് ഹോൾസിന്റെ അടിയന്തിര അറ്റകുറ്റപ്പണികളും | 44.61 |

| | | |
|---|---|---|
| | മിനുസപ്പെടുത്തലും | |
| 10 | ദേശീയപാത 744 (Old NH 208) ലെ പോട്ട് ഹോൾസിന്റെ അടിയന്തിര അറ്റകുറ്റപ്പണികളും മിനുസപ്പെടുത്തലും | 44.29 |
| | **മലപ്പുറം** | |
| 11 | ദേശീയപാത 17 -ലെ തകരാറിലായ ഓടകളുടെ പുനരുദ്ധാരണം | 49.98 |
| 12 | ദേശീയപാത 17 -ലെ തകരാറിലായ ഓടകളുടെ പുനരുദ്ധാരണവും മിനുക്കുപണികളും | 49.44 |
| | **കൊടുങ്ങല്ലൂർ** | |
| 13 | ദേശീയപാത 17 ലെ പോട്ട് ഹോൾസിന്റെ പുനരുദ്ധാരണവും മൂനമ്മാവ് ജംഗ്ഷനിലെ ഓടനിർമ്മാണവും | 30.73 |
| 14 | ദേശീയപാത 17 ലെ റോഡിന്റെ ഷോൾഡേഴ്സിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ | 27.22 |
| | **കോഴിക്കോട്** | |
| 15 | ദേശീയപാത 212 ലെ തകരാറിലായ നടപ്പാതകളുടെയും ഓടകളുടെയും പുനർനിർമ്മാണവും ദേശീയപാത 17 ലെ ഓടകളുടെ നിർമ്മാണവും | 31.48 |
| | **തിരുവനന്തപുരം** | |
| 16 | ദേശീയപാത 47 -ലെ അറ്റകുറ്റപ്പണികളും മിനുക്കുപണികളും | 26.08 |
| 17 | ദേശീയപാത 47 -ലെ ഓടകളുടെ വൃത്തിയാക്കലും അറ്റകുറ്റപ്പണികളും | 26.66 |
| | **ആകെ തുക** | **629.57** |

(signature)

സെക്ഷൻ ഓഫീസർ